പ്രതിശീർഷ കടവും പ്രതിശീർഷ വരുമാനവും

7 (273)ശ്രീ കെ മുഹമ്മദലി :

ശ്രീ. തോമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭാ മറുപടി നൽകുമോ

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതു മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ പ്രതിശീർഷ കടവും പ്രതിശീർഷ വരുമാനവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ,

(ബി) ഈ വർഷം അവസാനത്തിൽ ഇത് എത്രയായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) രൂപ കോടിയിൽ

	കടം	വരുമാനം
96-97	3672.32	354.79
97-98	4085.12	408.28
98-99	4937.19	484.50
99-00	5923.66	532.40

(ബി) ഈ വർഷം അവസാനത്തിൽ പ്രതിശീർഷ കടം 6763.67 രൂപയായും പ്രതിശീർഷ വരുമാനം 596.41 കോടി രൂപയായും ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

പെൻഷൻ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിലുള്ള കാലതാമസം

8 (274)ശ്രീ സി ടി അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭാ മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ സർവീസിൽനിന്നും വിരമിക്കുന്നവരുടെ പെൻഷനു വേണ്ടി ഓരോ വർഷവും എത്രയുക്കെ അപേക്ഷകൾ വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ,

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ എത്ര പെൻഷൻ അപേക്ഷകൾ 31.5.2000 വരെ പാസ്സാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ.

(സി) ഇവയിൽ എത്ര മാസം കാലപ്പഴക്കമുള്ള അപേക്ഷകളുണ്ട്.

(ഡി) പ്രസ്തുത അപേക്ഷകളിൽ കാലതാമസം കൂടാതെ പെൻഷൻ പാസ്സാക്കി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ,

(ഇ) സർവീസ് പെൻഷണേഴ്സ് അസോസിയേഷന്റെ വിവിധ ആവശ്യങ്ങൾ ഗവണ്മെന്റ് പരിഗണിച്ചിട്ടുണ്ടോ.

(എഫ്)ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ്.

(ജി) പ്രസ്തുത ആവശ്യങ്ങളിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1997-98, 98-99, 99-2000 എന്നീ വർഷങ്ങളിലെ കണക്കു പ്രകാരം വിവിധ കാലഘട്ടങ്ങളിലായി പെൻഷൻ പറ്റിപിരിഞ്ഞിട്ടുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻ നല്കുന്നതിന് ചെലവ് വന്നിട്ടുള്ള ആകെ തുകയും ഓരോ വർഷവും പെൻഷൻ പറ്റിപിരിഞ്ഞിട്ടുള്ള പെൻഷൻ നല്കുന്നതിനുവേണ്ടി ചെലവ് വന്നിട്ടുള്ള തുകയുടെ കണക്കും ചുവടെ കാണിച്ചിരിക്കും പ്രകാരമാണ്. ഇതിൽ രണ്ടാമത്തെ ചെലവിനത്തിൽ ക്ഷാമബത്ത ഗഡുക്കൾക്കായി നൽകിയ തുകയുടെ ഭാഗവും പെടും.

വർഷം	പെൻഷനു വേണ്ടി ചെലവു വരുന്ന ആകെ തുക (രൂപ)	ഒരാണ്ടിൽ പെൻഷനായവർക്കു വന്ന ആകെ തുക വേണ്ടിമാത്രം ചെലവിട്ട തുക (രൂപ)
1997-98	910.10 കോടി രൂപ	286.17 കോടി രൂപ
1998-99	1151.31 കോടി രൂപ	379.28 കോടി രൂപ
1999-2000	1802.88 കോടി രൂപ	797.58 കോടി രൂപ

(ബി) പെൻഷനായി സർവീസിൽ നിന്നും പിരിഞ്ഞവരുടെയും സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടേതുമായി ആകെ 3073 അപേക്ഷകൾ പാസ്സാക്കാനുണ്ട്.

(സി) സർവീസിൽ നിന്നും പിരിഞ്ഞവരുടെ കാര്യത്തിൽ പതിനഞ്ചു വർഷത്തിൽ കൂടുതൽ പഴക്കമുള്ള 7 അപേക്ഷകളും 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള 51 അപേക്ഷകളും ഉണ്ട്. മരണപ്പെട്ടവരുടെ കാര്യത്തിൽ 18 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള 5 അപേക്ഷകളുണ്ട്. മറ്റ് അപേക്ഷകളുടെ കാലപ്പഴക്കം താഴെ പറയും പ്രകാരമാണ്.

വർഷം	സർവീസിൽ നിന്നും പിരിഞ്ഞവരുടെ അപേക്ഷകൾ (എണ്ണം)	മരണപ്പെട്ടവരുടെ അപേക്ഷകൾ (എണ്ണം)
91-92	26	.....
92-93	25	4
93-94	51	6
94-95	56	14
95-96	78	24
96-97	102	33
97-98	238	50
98-99	447	115
99-2000	1552	185

(ഡി) സർക്കാർതലത്തിൽ പുരോഗതി വിലയിരുത്തുകയും ഓഫീസ് പരിശോധനകളിൽ ഇവ പ്രത്യേകം പരിശോധിക്കാറുമുണ്ട്. കൂടാതെ പെൻഷൻ അനുവദിക്കുന്നകാര്യത്തിൽ വിവിധ ഘട്ടങ്ങളിലെ കാലതാമസം ഒഴിവാക്കാൻ നിർദ്ദേശിച്ച് 30.11.1999 ൽ 73/99/ധന.നമ്പർ പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പെൻഷൻ പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും സമഗ്ര ചികിത്സാ പദ്ധതി നടപ്പിലാക്കുക, മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുക, പെൻഷൻകാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, ഒരു മാസത്തെ പെൻഷൻ ഉത്സവബത്ത നൽകുക, പെൻഷൻ നിയമം ലളിതമാക്കുക, പെൻഷൻ/ഫാമിലി പെൻഷൻ ജീവിതകാല കുടിശ്ശിക വാങ്ങുന്നതിന് അവകാശികളെ നിശ്ചയിക്കാൻ അനുവദിക്കുക, സംഘടനകളുമായി ആലോചിച്ച് ഒരു സമഗ്ര പെൻഷൻ നയം ആവിഷ്ക്കരിക്കുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ജി) അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന മെഡിക്കൽ അലവൻസ് വർദ്ധന, ക്ഷേമനിധി രൂപീകരണം, ഉത്സവബത്ത വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്. അതേസമയം തന്നെ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ ഒരു മെഡിക്കൽ സ്കീം പെൻഷൻകാർക്ക് നടപ്പാക്കാൻ സാധിക്കുമോ എന്നകാര്യം സർക്കാർ ആലോചിച്ചു വരുന്നു. ഇക്കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി കത്തിടപാട് നടത്തിവരുന്നു. പെൻഷൻകാരുടെ ജീവിതകാല കുടിശ്ശിക നോമിനികൾക്ക് നല്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. ഫാമിലി പെൻഷണറുടെ ജീവിതകാല കുടിശ്ശിക നൽകാൻ വ്യക്തമായ വ്യവസ്ഥ സർവീസ് ചട്ടങ്ങളിലില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പെൻഷൻ ചട്ടങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളാ സർവീസ് ചട്ടങ്ങൾ റദ്ദാക്കി പുതിയ നിയമ നിർമ്മാണം നടത്തേണ്ട ആവശ്യമുണ്ടോ എന്നകാര്യം പരിശോധനയിലാണ്.

കേന്ദ്ര സർക്കാർ നൽകിയ തുക

9 (275) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ.കെ.പി.എ മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും വിവിധ പദ്ധതികൾക്കായി ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും കേന്ദ്രം എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രതുക വീതം ഓരോ പദ്ധതിയിലും ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്രതുക ചെലവഴിക്കാതിരിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും അനുവദിച്ച തുക ഇപ്രകാരമാണ്.

വർഷം	ഗ്രാന്റ് (കോടി രൂപ)	ലോൺ (കോടി രൂപ)

LIBRARY ARCHIVES Kerala Legislative Assembly